# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.4/1530/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/11/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.4/1530/21 തീയ്യതി: 25/11/2021

## കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 25-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 26-10-2021 | 01-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-10-2021 | 01-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.സി.പി.സതീഷ്കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ആർ.കെ.ദിശ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.രാമദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ടി.പി.അബ്ദുൾ നസീർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കെ.കെ.വിജേഷ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ..സി.പ്രകാശൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.കെ.ടി.പ്രമീള | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സുനിൽകുമാർ.പി.ജി. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അജ്ഞലി.എ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 03-07-2020 | 31-03-2021 |
| ശ്രീ.ഗോകുൽദാസ്.ടി.എം | അസിസ്റ്റന്റ് സെക്രട്ടറി(ഇൻചാർജ്) | 01-04-2020 | 02-07-2020 |
| ശ്രീമതി എ.ഇ.ഷബില | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ.ജെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബേബിപ്രീത.കെ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ടെസ്റ്റിമെറിൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി സ്മിത.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.രജീഷ്.പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.അരുൺ.ഇ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ ബാബു.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീ.അസീന.സി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 18-04-2020 |
| ശ്രീ.പുരുഷു.പി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.രഞ്ജിത്ത് ചന്ദ്ര.യു | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.അൻഷാദ്.എം.എച്ച് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-3 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 24-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 24-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Vijesh K.K (Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-7 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച അപാകതകൾ<br>Written By: Vijesh K.K (Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-7-1 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: RAMDAS M. (Asst. Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 24-11-2021) | 1-9 |
| 11 | മത്സ്യമാർക്കറ്റ് ലേലത്തുക കുടിശ്ശിക ഈടാക്കിയില്ല.<br>Written By: Vijesh K.K (Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 24-11-2021) | 1-10 |
| 12 | പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വന്നു എന്ന് ഉറപ്പ് വരുത്തിയില്ല.<br>Written By: Vijesh K.K (Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 24-11-2021) | 1-11 |
| 13 | വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല.<br>Written By: Vijesh K.K (Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 24-11-2021) | 1-12 |
| 14 | എസ്.സി.വിദ്യാർത്ഥികൾക്ക് മേശ,കസേര-പഞ്ചായത്ത് പരിധിക്ക് പുറത്തുള്ളവർക്ക് നൽകി.<br>Written By: RAMDAS M. (Asst. Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-13 |
| 15 | മാലിന്യ സംസ്കരണം -തുമ്പൂർ മൂഴി മോഡൽ. പ്രൊജക്ട് നാളിതുവരെ പൂർത്തീകരിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 24-11-2021) | 1-14 |
| 16 | M.N.R.E.G.S. ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-പണമടവാക്കിയിട്ടും കമ്പ്യൂട്ടർ ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-15 |
| 17 | അജൈവമാലിന്യം ക്ലീൻ കേരളാകമ്പനിക്ക് തുക കൈമാറൽ-യഥാസമയം നടപടികൾകൈകൊള്ളുന്നതിലെ വീഴ്ചമൂലം | 1-16 |

| | | |
|---|---|---|
| | പഞ്ചായത്ത് ഫണ്ടിന് നഷ്ടം.<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | |
| 18 | തെരുവ് വിളക്ക് സ്ഥാപിക്കൽ-ലഭ്യമായ തെരുവ് വിളക്കുകൾ പൂർണമായും സ്ഥാപിക്കാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-17 |
| 19 | ബഡ്സ് സ്കൂൾ ആരംഭിക്കാൻ നടപടികളില്ല<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-18 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- കെൽട്രോണിൽ അധികം അടവാക്കിയ തുക തിരികെഈടാക്കാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-19 |
| 21 | തെരുവ് വിളക്ക് സ്ഥാപിക്കൽ -കെൽട്രോൺ മുഖേന സ്ഥാപിച്ച തെരുവ് വിളക്കുകൾ പ്രവർത്തനരഹിതം<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-20 |
| 22 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Disha R.K (Asst. Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-21 |
| 23 | സ്യൂട്ട് രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-22 |
| 24 | ലഭ്യത പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-23 |
| 25 | സ്ഥിര നിക്ഷേപം -പലിശയിനത്തിൽ നഷ്ടം<br>Written By: RAMDAS M. (Asst. Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-24 |
| 26 | കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകാതെ ഫണ്ട് ലാപ്സാക്കി<br>Written By: RAMDAS M. (Asst. Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-25 |
| 27 | ദുരിദാശ്വാസ നിധി രൂപീകരണം<br>Written By: M.Karunakaran (Audit Officer, On 01-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-26 |
| 28 | പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 02-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-27 |
| 29 | 5 വർഷ ഗ്യാരന്റിയോടുകൂടി റോഡ് പ്രവർത്തി ഏറ്റെടുത്തില്ല<br>Written By: SathishKumar C P (Asst. Audit Officer, On 02-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-28 |
| 30 | എയ്ഡഡ് സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം : സർക്കാർ സ്കൂളുകളിൽ മുഴുവൻ സൗകര്യങ്ങളും ലഭ്യമായെന്ന് ഉറപ്പുവരുത്തിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 02-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-30 |
| 31 | അധികാര പരിധിയിൽപ്പെടാത്ത എയ്ഡഡ് ഹൈസ്കൂളിന്റെ ആസ്തി വികസന പദ്ധതി ഏറ്റെടുത്തു<br>Written By: SathishKumar C P (Asst. Audit Officer, On 02-11-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |

--- No Records Found ---


| | | |
|---|---|---|
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-7 |
| 8 | തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: RAMDAS M. (Asst. Audit Officer, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 25-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 10.3.2020- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം (1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ചബജറ്റ് 18.2-2021ലെ അജണ്ട 2 തീരുമാനം(1) പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ചബജറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

1994ലെ കേരളപഞ്ചായത്ത്രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾകൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. സ്റ്റാന്റിംഗ് കമ്മറ്റികളൊന്നും തന്നെ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിസമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഉദ്യോഗസ്ഥരിൽ മെഡിക്കൽ ഓഫീസർ ഹോമിയോ, വെറ്ററിനറി സർജൻ എന്നിവർ മാത്രമെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചുകാണുന്നുള്ളൂ. സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളിൽ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളൂ. ഭരണസമിതി അംഗീകരിച്ചു നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥവരവുചെലവുകളും തമ്മിൽ അന്തരം കാണുന്നു. 10.3.20-ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 91844267 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് മുന്നരിപ്പുൽപ്പെടെ 83453988രൂപ മാത്രമാണ് അതെപോലെതന്നെചെലവ് ബജറ്റ് പ്രകാരം84934380 രൂപയും യഥാർത്ഥ ചെലവ് 65503007 രൂപയുമാണ്. പഞ്ചായത്ത് അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പ്രധാന നികുതി വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു.ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വസ്തു നികുതി | 4900000 | 4303005 |
| തൊഴിൽ നികുതി | 1150000 | 1429300 |
| കെട്ടിട വാടക | 250000 | 285198 |

തൊഴിൽ നികുതി, കെട്ടിടവാടക മുതലായ ഇനങ്ങളിൽ പഞ്ചായത്തിന്റെ യഥാർത്ഥ വരുമാനം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവിൽ കൂടുതൽ ഉള്ളതായി കാണുന്നു. ഇതിൽ നിന്നും പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങൾ മുൻകൂട്ടി കണക്കാക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചതായി കാണുന്നു. അതെ പോലെതന്നെ തനത് ചെലവിനങ്ങളിൽ ഓപ്പറേഷൻ & മെയ്ന്റനൻസ് വിഭാഗത്തിൽ ആകെ പ്രതീക്ഷിത ചെലവ് 2010100 രൂപ വകയിരുത്തിയപ്പോൾ യഥാർത്ഥ ചെലവ് 2332373 രൂപയുണ്ട്.

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വാർഷിക കണക്കു പ്രകാരവും സ്ഥിര നിക്ഷേപ രജിസ്റ്റർ പ്രകാരവും 2813685 രൂപയാണ് സ്ഥിര നിക്ഷേപമായി കാണിച്ചിരിക്കുന്നത്. എന്നാൽ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ 31-3-21 ന് യഥാർത്ഥത്തിലുള്ള സ്ഥിര നിക്ഷേപം 2595686 രൂപയാണ്. 217999 രൂപയുടെ വിത്യാസം കാണുന്നു. കെ.ഡി.സി. ബാങ്കിലുള്ള 100311807520240 നമ്പർ സ്ഥിര നിക്ഷേപത്തിന് 15/04/22 ന്

ലഭിക്കേണ്ട പലിശയുൾപ്പെടെയുള്ള തുകയായ 910474 രൂപയും 100311807520273 നമ്പർ സ്ഥിര നിക്ഷേപത്തിന് 31/03/22 ന് ലഭിക്കേണ്ട പലിശയുൾപ്പെടെയുള്ള തുകയായ 1903211 രൂപയും ഉൾപ്പെടെയുള്ള തുകയാണ് അക്കൗണ്ടിൽ കാണിച്ചിരിക്കുന്നത്.

2. പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കി പ്രിന്റ് ചെയ്ത് സൂക്ഷിക്കുന്നില്ല.
4. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
5. ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ചതും ചെലവഴിക്കപ്പെടാത്തതുമായ 54350 രൂപ നാളിതുവരെ തിരിച്ചടവാക്കിയിട്ടില്ല.
6. ആസ്തികളുടെ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയതിന് ആധികാരികമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
7. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഒഴികെയുള്ള മറ്റ് ഗ്രാന്റുകളുടെ വരവ് ചെലവ് രേഖപ്പെടുത്തിയ എ.സി.ആർ. പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
8. ബാലൻഷീറ്റ് ഷെഡ്യൂൾ ബി.4ൽ 320300199 ഹെഡിൽ പ്രത്യേക ഉദ്ദേശത്തിനായി വന്ന വിവിധഗ്രാന്റ് ഇനങ്ങളിൽ 6746863/- നീക്കിയിരുപ്പുണ്ട്. ആയതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.
9. വിവധ ക്ഷേമ പെൻഷൻ ഫണ്ടുകൾ, തൊഴിൽ രഹിത വേതനം എന്നിവയുടെ വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | Nil | 12779632 | 12779632 | 11113330 | 1666302 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | Nil | 5729862 | 5729862 | 5729862 | Nil |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | Nil | Nil | Nil | Nil | Nil |
| മെയിന്റനൽസ് ഗ്രാന്റ് -റോഡ് (ACR പ്രകാരം) | Nil | 2726000 | 2726000 | 2705185 | 20815 |
| മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്(ACR പ്രകാരം) | Nil | 4218892 | 4218892 | 4218892 | Nil |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) (ടൈഡ്) | Nil | 12027581 | 12027581 | 10773852 | 1253729 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) (അൺടൈഡ്) | Nil | 5780000 | 5780000 | 2938274 | 2841726 |
| MNREGS | Nil | 28331349 | 28331349 | 28331349 | |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | | | | | |
| MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 408408 | 868438 | 1276846 | 947651 | 329195 |
| എസ്.എസ്.എ | 122221 | 2955 | 125176 | NIL | 125176 |
| ഐ.സി.ഡി.എസ് | NIL | 1007038 | 1007038 | 510252 | 496786 |
| എം.പി. ഫണ്ട്. | 89624 | 600707 | 690331 | 600000 | 90331 |
| ശുചിത്വ മിഷൻ | 3658955 | 1683648 | 5342603 | 501000 | 4841603 |
| കോവിഡ് | Nil | 100000 | 100000 | 100000 | Nil |
| ഇലക്ഷൻ | 4587 | 62000 | 66587 | Nil | 66587 |
| മറ്റ് ഗ്രാന്റുകൾ | 5366805 | 1380058 | 6746863 | Nil | 6746863 |
| MNREGS 100 തൊഴിൽ ദിനം | Nil | 249000 | 2490000 | 2490000 | Nil |

**ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-**

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ അലോട്ട്മെന്റ് തുക വരവു രേഖപ്പെടുത്തിയപ്പോൾ, ചെലവായി ഉൾപ്പെടുത്തിയത് ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടെയാണ്. ഇപ്രകാരം കുറവുചെയ്ത തുക അലോട്ട്മെന്റിൽ വരവായി ഉൾപ്പെടുന്നില്ല. ആയതിനാൽ ബാലൻസ് തുക യൂട്ടിലൈസേഷൻ പത്രിക പ്രകാരം മൈനസ് വരുന്നു.
2. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്. ജനറൽ ഉത്പാദനം | 6422380 | 3934040 |
| സേവനം | 55528873 | 12046673 |
| വികസനഫണ്ട്- എസ്.സി.പി ഉത്പാദനം | 1145000 | 635000 |
| സേവനം | 20599172 | 5040352 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് സേവനം | 4666200 | 4050200 |
| പശ്ചാത്തലം | 14904744 | 12604744 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് പശ്ചാത്തലം | 4073600 | 3773600 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺറോഡ്- സേവനം | 2503578 | 2403578 |
| പശ്ചാത്തലം | 3642939 | 2542939 |

3. I.K.M.ഗ്രാന്റ് സ്റ്റേമെന്റ് പ്രകാരം C.S.S., ഇനത്തിലും, S.S.S. ഇനത്തിലും വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ C.S.S., ഇനത്തിൽ പൂരക പോഷകാഹാര പദ്ധതിക്ക് 1007038 രൂപയും, സുചിത്വമിഷൻ

ഗ്രാന്റിനത്തിൽ 1683648 രൂപയും തൻവർഷം വരവുവന്നിട്ടുണ്ട്. അതേപോലെ S.S.S ഇനത്തിൽ ലൈഫ് ഭവനപദ്ധതിക്ക് 1380058 രൂപ വരവുള്ളത് ഗ്രാന്റ് സ്റ്റേമെന്റിൽ ഉൾപ്പെട്ടിട്ടില്ല.

4. ബാലൻഷീറ്റ് B4 സ്റ്റേറ്റ്മെന്റിൽ 320300199 ഹെഡിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ സാമ്പത്തിക വർഷാവസാനം 6746863/- രൂപ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് ഏതെല്ലാം ഗ്രാന്റിനങ്ങളിലുള്ള തുകകളാണെന്ന് വ്യക്തമല്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,55,46,233 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,79,07,755 |
| ആകെ | 8,34,53,988 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,55,03,007 |
| നീക്കിയിരിപ്പ് | 1,79,50,981 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്ടുകൾ |
|---|---|---|---|
| 206 | 161 | 11 | 34 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 206 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 172 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 86764284 രൂപ വകയിരുത്തിയതിൽ 49345376 രൂപ മാത്രമെ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്നകാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് (Untied) | 12027581 | 10773852 | 1253729 |
| C.F.C.ഗ്രാന്റ് (Tied) | 5780000 | 2938274 | 2841726 |
| മെയിന്റെനന്സ് ഗ്രാന്റ് നോൺ റോഡ് | 4218892 | 4218892 | -- |
| മെയിന്റെനന്സ് ഗ്രാന്റ് റോഡ് | 2726000 | 2705185 | 20815 |
| വികസന ഫണ്ട് ജനറൽ | 12779632 | 11113330 | 1666302 |

| | | | |
|---|---|---|---|
| വികസന ഫണ്ട് - SCP | 5729862 | 5729862 | - |
| ആകെ | 43261967 | 37479395 | 5782572 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 43261967 രൂപയിൽ 37479395 രൂപ വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ലഭ്യമായ തുകയിൽ 5782572 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. വികസനഫണ്ട് എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. സെൻട്രൽ ഫൈനാൻസ് ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുകയിൽ നല്ലൊരു ശതമാനം വിനിയോഗിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ ഇനത്തിൽ ലഭ്യമായ 17807581 രൂപയിൽ 4095455 നഷ്ടമായത് ശ്രദ്ധയിൽ കൊണ്ടുവരുന്നു. നിർവഹണ ഉദ്യോഗസ്ഥരിൽ അസി.എഞ്ചിനീയർ, സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്.

അസി.എഞ്ചിനീയർക്ക് ആകെ 90 പ്രോജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 74 പ്രോജക്ടുകൾക്കാണ് തുക വിനിയോഗിച്ചിരിക്കുന്നത്. അസി.എഞ്ചിനീയറുടെ പ്രോജക്ടുകളിൽ കേവലം 13 പ്രൊജക്ടുകൾ മാത്രമാണ് 5 ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റ് തുകയുള്ളത്.

മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡിനത്തിൽ ലഭ്യമായ മുഴുവൻ തുകയും (20815 രൂപ ഒഴികെ) വിനിയോഗിക്കാൻ എ.ഇ.ക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും വ്യക്തമായ ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയല്ല മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കിയത്. സെക്രട്ടറിക്ക് നടപ്പിലാക്കാനുണ്ടായിരുന്ന 32 പ്രവൃത്തികളിൽ 6 എണ്ണം നടപ്പിലാക്കിയിട്ടില്ല. പ്രോജക്ടുകൾക്ക് തുക വകയിരുത്തിയപ്പോൾ തനത് ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്തിയത് മൂലം മറ്റ് ഫണ്ടുകൾ വകമാറ്റപ്പെടുകയോ, അല്ലെങ്കിൽ തനത് ഫണ്ട് ചെലവഴിക്കപ്പെടാതെ പോകുന്ന അവസ്ഥയോ പഞ്ചായത്തിൽ നിലനിൽക്കുന്നു. ഖണ്ഡിക 1-23 കാണുക)

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം, നിർവഹണം, എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്തം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പ്രോജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചിലവർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ടു നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടുകാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-6 ക്യാഷ് പരിശോധന**

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-10-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് പ്രകാരമുള്ള ആകെ 9932/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

**1-7 ക്ഷേമ പദ്ധതികൾ**

പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 11267200 | 620 |
| വിധവാ പെൻഷൻ | 16093700 | 1155 |
| വാർദ്ധക്യകാല പെൻഷൻ | 31081700 | 2500 |
| വികലാംഗ പെൻഷൻ | 5231200 | 350 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2867700 | 195 |
| വിവാഹ ധനസഹായം | 450000 | 15 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ലഭിച്ച വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ, അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലഭിച്ച ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ സമയപരിധിയ്ക്കകം തീരുമാനം കൈകൊള്ളുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനം | ആകെ അപേക്ഷ കരുടെ എണ്ണം | സമയ പരിധിക്കുള്ളിൽ തീർപ്പാക്കിയ അപേക്ഷ കളുടെ ആകെ എണ്ണം | സമയപരിധി കഴിഞ്ഞ് തീർപ്പാക്കിയ അപേ ക്ഷകളുടെ എണ്ണം |
|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 310 | 6 | 199 |
| കർഷക തൊഴിലാളി പെൻഷൻ | 30 | 0 | 30 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 8 | 0 | 4 |

| | | | |
|---|---|---|---|
| വിധവ പെൻഷൻ | 52 | 0 | 47 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 0 | 3 |

മേൽ പട്ടികയിൽ കൊടുത്ത പ്രകാരം പഞ്ചായത്തിൽ പെൻഷൻ അപേക്ഷകൾ ഒന്നും സമയബന്ധിതമായി തീർപ്പാക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ഇത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ പരിശോധിക്കുന്നില്ല. നിലവിൽ സേവനയിൽ സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയ തീയതി മുതൽക്ക് മാത്രമാണ് പെൻഷൻ ലഭിക്കുകയുള്ളൂ. ഇതിനാൽ തന്നെ അർഹമായ പെൻഷൻ ഗുണഭോക്താവിന് നഷ്ടപ്പെടുന്നു. പെൻഷൻ അപേക്ഷകൾ ലഭിച്ച് അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിലും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിലും സമയപരിധി പാലിക്കുന്നില്ല. ഇത് പരിശോധിക്കുന്നതിനുള്ള ക്ഷേമ പെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയാണ് സൂക്ഷിച്ചുപോരുന്നത്. അപേക്ഷാ തീയതിയും സ്റ്റാന്റിംഗ് കമ്മിറ്റി പെൻഷൻ പാസ്സാക്കിയ തീരുമാന നമ്പറും തീയതിയും മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. ഇതിനാൽ പെൻഷൻ അപേക്ഷകൾ അന്വേഷണത്തിനായി നൽകുന്നതിലെയും അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിലെയും റിപ്പോർട്ട് പ്രകാരം സ്റ്റാന്റിഗ്കമ്മിറ്റി നടപടി എടുക്കുന്നതിലെയും ഇത് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്നതിലെയും കാലതാമസം മനസ്സിലാക്കാൻ കഴിയാതെ വരുന്നു. ഇതിനാൽ മേൽ പറഞ്ഞ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും എവിടെയാണ് അപേക്ഷ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാവുന്നത് എന്ന് കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി നൽകേണ്ടതുമാണ്.

**<u>മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല.</u>**

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരം ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. ഇത് അനർഹമായി പെൻഷൻ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പോവുന്നതിന് ഇടയാക്കുന്നു. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അധികമായി നൽകുന്ന പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. കൂടാതെ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## <u>1-8 തൊഴിലുറപ്പ് പദ്ധതി</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 834000 | 834000 | 834000 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്ന തുക | 0 | 21465000 | 21465000 | 21465000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സ്കിൽഡ് വർക്കർമാരുടെ വേതനം | 0 | 1881000 | 1881000 | 1881000 | 0 |
| മെറ്റീരിയൽ | 0 | 5099000 | 5099000 | 5099000 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2245 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1086 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 385 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 67.26 |
| ഷെൽഫ് ഓഫ് പ്രോജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 324 |
| ആക്ഷൻ പ്ലാൻ പ്രകാരം വകയിരുത്തിയ തുക | 25040400 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 242 |

ഷെൽഫ് ഓഫ് പ്രോജക്ട് പ്രകാരം 324 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും തൻവർഷം 242 പ്രവൃത്തികളാണ് ആരംഭിച്ചത്. ആയതിൽ തന്നെ 129 പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കിയത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 2 സ്റ്റാഫ് മീറ്റിംഗുകൾ മാത്രമാണ് വിളിച്ച

ചേർത്തിരിക്കുന്നത്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അറ്റൻഡൻസ് രജിസ്റ്ററിൽ പലസ്ഥലത്തും ജീവനക്കാരുടെ ഒപ്പ് രേഖപ്പെടുത്തുകയോ, അനുവദനീയമായ അവധി മാർക്ക് ചെയ്യുകയോ ചെയ്യാതെ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റരീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.

ആസ്തിരജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കാൻ പിന്നീട് തുടർ നടപടികളൊന്നും കൈകൊണ്ടു കാണുന്നില്ല. 16-17, 17-18 വർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ച ശേഷം നിശ്ചിത സമയപരിധിക്കകം മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നുവരുന്ന പ്രവണതയുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത്'രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, ഡി & ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപ്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ചു കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**<u>1-10 മത്സ്യമാർക്കറ്റ് ലേലത്തുക കുടിശ്ശിക ഈടാക്കിയില്ല.</u>**

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പറമ്പത്ത് അങ്ങാടിയിലുള്ള മത്സ്യമാർക്കറ്റ് 2019-20 വർഷത്തേക്ക് ലേലം കൊണ്ട ശ്രീ.അബിജിത്ത്. കെ, കൊളങ്ങരക്കണ്ടി എന്നവർക്ക് ലേലത്തുകയായ 1,23,200/- രൂപയിൽ നാളിതുവരെയായി 1,13,402/- രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. മത്സ്യമാർക്കറ്റ് ലേലത്തുകയിൽ അടയ്ക്കാൻ ബാക്കിയുള്ള 9,798/- രൂപ, ജി. എസ്. ടി, പ്രളയ സെസ്സ്, പിഴ എന്നിവ ഉൾപ്പെടെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് 2019-20 ഓഡിറ്റ് റിപ്പോർട്ടിൽ (ഖ. നം.1-10 ) പരാമർശിച്ചിട്ടുണ്ട്. തുക ഈടാക്കുന്നത് സംബന്ധിച്ച് 27-10-2021 ന് ലേലം കൊണ്ട ശ്രീ.അബിജിത്തിന്

കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല. നഷ്ട തുക മത്സ്യമാർക്കറ്റ് ലേലംകൊണ്ട ആളിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

**1-11 പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വന്നു എന്ന് ഉറപ്പ് വരുത്തിയില്ല.**

പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൽക്ക് ലൈസൻസ് എടുത്തതായി കാണുന്നില്ല.

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷോപ്പ്, എൽ.ബി.എസ്സ മാരുടെ ഓഫീസുകൾ, ടർഫ് കളിസ്ഥലങ്ങൾ എന്നിവ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്തുന്നില്ല.
3. പഞ്ചായത്ത് പരിധിയിലെ മുഴുവൻ ടൂട്ടോറിയൽ സ്ഥാപനങ്ങളും ഡ്രൈവിങ്ങ് സ്കൂളുകളുകളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയതിട്ടില്ല.
4. 2019-20 ലെ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് എടുത്തവരുടെ വിശദാംശങ്ങൾ മുഴുവൻ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ 2020-21 വർഷം എത്രപേർ സമയബന്ധിതമായി ലൈസൻസ് പുതുക്കിയിട്ടില്ല എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷിക കണക്ക് 2019-20 പ്രകാരം 203700/- രൂപ ലൈസൻസ് ഫീസ് ഡിമാന്റ് ഉള്ളതിൽ 128400/- രൂപ മാത്രമാണ് 2020-21 ലേക്ക് ലൈസൻസ് പുതുക്കുന്നതിനായി മുൻകൂർ അടവാക്കിയിരിക്കുന്നത്.
5. ലൈസൻസ് രജിസ്റ്ററിൽ എല്ലാ ലൈസൻസുകൾക്കും കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ പഞ്ചായത്തിൽ ആകെ ലൈസൻസ് നൽകിയിരിക്കുന്നത് എത്ര കെട്ടിടങ്ങളിലായാണ് എന്ന് വ്യക്തമാകുന്നില്ല.
6. പഞ്ചായത്തിൽ സഞ്ചയ പ്രകാരം ആകെ 1960 കെട്ടിടങ്ങളാണ് വാണിജ്യാവശ്യത്തിനായി നമ്പർ ഇട്ടിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ ലൈസൻസ് നൽകിയിട്ടുള്ളത് ആകെ 504 സ്ഥാപനങ്ങൾക്കാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/20-21 തീ.01/11/2021) ലഭിച്ചു. മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് ഫീൽഡ് പരിശോധന നടത്തി സമഗ്രമായി പരിഷ്കരിക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-12 വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല.**

പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റെ , മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമായുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സ.ഉ.(അ) നം. നമ്പർ 36/2011 തസ്വഭവ തീ 24-2-2015 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഉത്തരവ് പ്രകാരമുള്ള നിരക്ക് നാളിതുവരെ പഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള കെട്ടിങ്ങൾ ഉണ്ടോ എന്ന് ഇതിനാൽ മനസിലാക്കാൻ സാധിക്കാതിരിക്കുകയും നികുതി നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. പുതുക്കിയ നികുതി നിരക്ക് അടിയന്തിരമായി നിശ്ചയിക്കേണ്ടതും ഈ ഗണത്തിൽ നിശ്ചയിക്കുന്ന നികുതി നിരക്കുകൾ പുതിയ നികുതി ദായകർക്ക് ഉടനെയും നിലവിലുള്ള നികുതി ദായകർക്ക് 2013 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

**1-13 എസ്.സി.വിദ്യാർത്ഥികൾക്ക് മേശ,കസേര-പഞ്ചായത്ത് പരിധിക്ക് പുറത്തുള്ളവർക്ക് നൽകി.**

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്, നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗാർഹിക പഠനത്തിന് മേശ, കസേര |

| | |
|---|---|
| | 66/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| വകയിരുത്തിയതുക,ഫണ്ടിനം | 175000/-(SCP) |
| ചെലവു വിവരം | ബിൽ നം.6714/17.03.21 – 4999/-<br>ബിൽ നം.2224/3.03.21- 169972/- |

മേൽ പ്രൊജക്ട് പ്രകാരം കാഡ്കോയിൽ നിന്നും 35 മേശയും 35 കസേരയും വാങ്ങി ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ, വിവിധ സ്കൂളുകൾ ലഭ്യമാക്കിയ കുട്ടികളുടെ ലിസ്റ്റ്, മറ്റ് ഗ്രാമപഞ്ചായത്തുകൾ നൽകിയ സാക്ഷ്യപത്രം എന്നിവ പരിശോധിച്ചതിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ താമസക്കാരല്ലാത്ത താഴെ കൊടുത്ത വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര്, വിലാസം | സ്കൂളിന്റെ പേര് | പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ താമസസ്ഥലം | നൽകിയ ആനുകൂല്യം (രൂപയിൽ) |
|---|---|---|---|---|
| 1 | നിഹ മഹീന്ദ്രൻ, കല്ലുത്താൻ കടവ് കോളനി, പുതിയറ | ശ്രീകുമാരാശ്രമം എ.എൽ.പി സ്കൂൾ | ചേളന്നൂർ ഗ്രാമപഞ്ചായത്ത്, വാർഡ് 21 | 4999 |
| 2 | ദേവക്.വി.സുനിൽ.<br>വെങ്കിലാട്ട്, കോങ്ങല്ലൂർ, അത്തോളി | ശ്രീകുമാരാശ്രമം എ.എൽ.പി സ്കൂൾ | അത്തോളി ഗ്രാമപഞ്ചായത്ത്, വാർഡ് 10 | 4999 |
| 3 | ദീപ്ത് പ്രമോദ്, വെങ്കിലാട്ട്, കോങ്ങല്ലൂർ, അത്തോളി | ശ്രീകുമാരാശ്രമം എ.എൽ.പി സ്കൂൾ | അത്തോളി ഗ്രാമപഞ്ചായത്ത്, വാർഡ് 10 | 4999 |
| 4 | ശ്രാവൺ കൃഷ്ണ.ഒ.എസ്, ഒറ്റടിയിൽ, കണ്ണങ്കര, ചേളന്നൂർ | ശ്രീകുമാരാശ്രമം എ.എൽ.പി സ്കൂൾ | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | 4999 |
| | | ആകെ | | 19996 |

ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ പ്രോജക്ട് പ്രകാരം മേശയും കസേരയും വിതരണം ചെയ്തവർക്ക് മറ്റ് വകുപ്പുകളിൽ നിന്നോ ഒരു പഠനകാലയളവിൽ ഇതിനുമുമ്പോ ഇത്തരം സാധനങ്ങൾ ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് പുറത്തുള്ളവർക്ക് സാധനങ്ങൾ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഗുണഭോക്തൃലിസ്റ്റും മറ്റു രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/30.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് പുറത്തുള്ളവർക്ക് സാധനങ്ങൾ വിതരണം ചെയ്തതിനാലും ഗുണഭോക്തൃലിസ്റ്റും മറ്റു രേഖകളും ഹാജരാക്കിയതിനാലും ചെലവുതുക 174971/- തടസ്സത്തിൽ വെക്കുന്നു.

**1-14 മാലിന്യ സംസ്കരണം -തുമ്പൂർ മൂഴി മോഡൽ. പ്രൊജക്ട് നാളിതുവരെ പൂർത്തീകരിച്ചില്ല.**

പ്രൊജക്ട് നമ്പർ- 195/20-21

വകയിരുത്തിയ തുക- 800000

ചെലവുതുക- 147000 (ഓർഡർ നമ്പർ-173/22-1.21)

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ജൈവമാലിന്യ സംസ്കരണത്തിനായി മാലിന്യസംസ്കരണ പ്ലാന്റ് (തുമ്പൂർ മൂഴി മോഡൽ) സ്ഥാപിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച പ്രൊജക്ട് പ്രകാരം എയറോബിക് ബിൻ കമ്പോസ്റ്റുകൾ എടവനക്കുഴി കോളനി (3ബിൻ), സി.എച്ച്.സി തലക്കളത്തൂർ (3ബിൻ), പഞ്ചായത്ത് കോപ്ലക്സ് (2ബിൻ) എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിന് സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും സ്ഥാപനം എയറോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിന് 788000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് 735000 രൂപക്ക് ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി തുകയുടെ 20% 147000 രൂപ സോഷ്യോ, എക്കണോമിക് ഫൈണ്ടേഷന് മേൽ ബിൽ പ്രകാരം പിൻവലിച്ച് അഡ്വാൻസായി ഓഡിറ്റ് വർഷം സെക്രട്ടറി കൈമാറിയിട്ടുണ്ട്. അഡ്വാൻസ് അനുവദിച്ച മാസങ്ങൾ കഴിഞ്ഞിട്ടും C.H.C. തലക്കളത്തൂരിൽ മാത്രമാണ് എയറോബിക്ക് ബിൻ സ്ഥാപിച്ചിട്ടുള്ളത്. തലക്കളത്തൂർ C.H.C-യിൽ മൂന്ന് ബിന്നുകൾ സ്ഥാപിക്കുന്നതിനാണ് സാങ്കേതികാനുമതി ലഭ്യമായതെങ്കിലും 2 ബിന്നുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് സോഷ്യോ ഇക്കണോമിക്സ് ഫൗണ്ടേഷൻ ഹാജരാക്കിയ കാഷ് ഇൻവോയിസിൽ നിന്നും വ്യക്തമാവുന്നു. അഡ്വാൻസ് കൈപ്പറ്റിയെങ്കിലും മറ്റ് സ്ഥലങ്ങളിലൊന്നും ബിന്നുകൾ സ്ഥാഥാപിച്ചതായി കാണുന്നില്ല. തലക്കളത്തൂർ C.H.C യിൽ ബിന്നുകൾ മുഴുവൻ സ്ഥാപിക്കുന്നതിനും മറ്റ് സ്ഥലങ്ങളിൽ എയറോബിക് ബിന്നുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും പഞ്ചായത്ത് കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്ത് 2.11.21 ൽ പ്ലാന്റ് സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും പ്രവൃത്തി മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പും തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. ഏടവന കുഴിക്കോളനിയിൽ പ്ലാന്റുകളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ സത്വരനടപടികൾ കൈകൊണ്ട് അറിയിക്കേണ്ടതാണ്.

ചെലവുതുക 147000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-15 M.N.R.E.G.S. ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-പണമടവാക്കിയിട്ടും കമ്പ്യൂട്ടർ ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ- 224/20-21

വകയിരുത്തിയ തുക- 50000

ചെലവുതുക- 39797 (ഓർഡർ നമ്പർ328/26.3.21)

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഓഫീസ് പ്രവർത്തനത്തിനുവേണ്ടി കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനായി 39797 രൂപ സാമ്പത്തിക വർഷം മേൽ ബിൽ പ്രകാരം പിൻവലിച്ച് കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. തുക അടവാക്കി മാസങ്ങൾ കഴിഞ്ഞിട്ടും കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നും ഓഫീസിൽ ലഭ്യമായിക്കാണുന്നില്ല. ആയത് ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കാനാവാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടറുകൾ ഉടൻ ലഭ്യമാക്കാൻ നടപടികൾ കൈകൊണ്ടതായി അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 അജൈവമാലിന്യം ക്ലീൻ കേരളാകമ്പനിക്ക് തുക കൈമാറൽ-യഥാസമയം നടപടികൾകൈകൊള്ളുന്നതിലെ വീഴ്ചമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

പ്രൊജക്ട് നമ്പർ 211/21

വകയിരുത്തിയ തുക- 1200000

ചെലവുതുക- 1 200000(ബിൽ നമ്പർ- 267/5.3.21)

ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥലങ്ങൾ, തോടുകൾ, റോഡുകൾ എന്നിവ ശുചീകരിച്ചതിന്റെ ഭാഗമായും വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചിട്ടുള്ളതുമായ പുനചംക്രമണ യോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ ക്ലീൻ കേരളാകമ്പനി മുഖേന നീക്കംചെയ്യുന്നതിനാണ് പ്രോജക്ട്

തയ്യാറാക്കിയിരിക്കുന്നത്. പഞ്ചായത്തിൽ ഇത്തരത്തിൽ ശേഖരിച്ചിട്ടുള്ള അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുമ്പോൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കിലോക്ക് 10 രൂപ പ്രകാരം ക്ലീൻ കേരളാകമ്പനിക്ക് നൽകേണ്ടതുണ്ട്. 2.6.20 മുതൽ 2-7.20 വരെയായി 105610 കി.ഗ്രാം അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി പഞ്ചായത്തിൽ നിന്നും കയറ്റി കൊണ്ടുപോയതിന്റെ അടിസ്ഥാനത്തിൽ നികുതി ഉൾപ്പെടെ 1256759 രൂപയുടെ ബിൽ കമ്പനി സമർപ്പിക്കുകയും പ്രോജക്ട് തുകയിൽ പരിമിതപ്പെടുത്തി 1200000 രൂപയിൽ നിന്നും 2% ആദായനികുതി കഴിച്ച് ബാക്കിതുക ക്ലീൻ കേരള കമ്പനിക്ക് മേൽ ബിൽ പ്രകാരം പിൻവലിച്ച് നൽകിട്ടുണ്ട്. 105610 കി.ഗ്രാം അജൈവമാലിന്യങ്ങൾ നീക്കംചെയ്തതായി പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപത്രം നൽകിട്ടുണ്ട്. കമ്പനി മാലിന്യങ്ങൾ നീക്കം ചെയ്ത് 3 മാസങ്ങൾക്ക് ശേഷം 23.10.20ൽ ഭരണസമിതിയുടെ 1/10 നമ്പർ തീരുമാനത്തിൽ ക്ലീൻ കേരളാകമ്പനി സമർപ്പിച്ച ഇൻവോയ്സ് പ്രകാരം 105610 കി.ഗ്രാം മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് മഴക്ക് മുമ്പ് തന്നെ മെയ് മാസത്തിൽ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യാൻ ക്ലീൻ കേരളാ കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കമ്പനിയുടെ ഭാഗത്തുനിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടികളുണ്ടാവാത്തതിനാൽ ജൂൺ, ജൂലൈ മാസങ്ങളിലെ മഴക്കാലത്ത് മഴകൊണ്ട മാലിന്യങ്ങൾ നീക്കം ചെയ്തതിനാൽ വെള്ളത്തിന്റെ സാന്നിധ്യം കാരണം ഭാരക്കൂടുതലുണ്ടായതിനാൽ ഇൻവോയ്സിൽ ആനുപാതികമായ കുറവ് വരുത്തി തുക നൽകുന്നതായിരിക്കും ഉചിതം എന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ പുതിയ ഇൻവോയ്സ് ലഭ്യമാക്കാൻ ക്ലീൻ കേരളാകമ്പനിക്ക് കത്ത് നൽകാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 6.11.20 ൽ സെക്രട്ടറി ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകുകയും ആയതിന് കമ്പനി ലഭ്യമാക്കിയ മറുപടിയിൽ മാലിന്യങ്ങളുടെ തൂക്കം മഴകൊണ്ടാണ് കൂടിയതെന്നവാദം അംഗീകരിക്കുന്നതായും എന്നാൽ പഞ്ചായത്തിൽനിന്നും സാക്ഷ്യപ്പെടുത്തി നൽകിയ തൂക്കവിവരം അടിസ്ഥാനമാക്കിയാണ് ഇൻവോയ്സ് നൽകിയതെന്നും ആയതിൽ മാറ്റം വരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു. ഇതിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്തു കൊണ്ടിരിക്കുന്ന സമയത്ത് തന്നെ ആയത് കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ കൈകൊള്ളുന്നതിൽ വന്നവീഴ്ചയാണ് ഇത്രയും ഭാരിച്ച ചെലവ് പഞ്ചായത്തിനുണ്ടാവാൻ കാരണമായതെന്ന് വ്യകത്മാകുന്നു. ആയത് ചെയ്യാതെ മാലിന്യങ്ങളുടെ തൂക്കം 105610 കി.ഗ്രാം സാക്ഷ്യപ്പെടുത്തി നൽകിയത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. മാത്രമല്ല തുക കുറവ് ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്ന ക്ലീൻ കേരള കമ്പനിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് തുക അനുവദിക്കുന്നതിന് പകരം തൂക്ക കൂടുതലുണ്ടായിട്ടുണ്ടാവാമെന്ന കാര്യം കമ്പനി അംഗീകരിച്ച സാഹചര്യത്തിൽ കമ്പനിയുമായി നേരിട്ട് സംസാരിച്ച് പ്രോജക്ട് ചെലവു കുറക്കാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടികളുണ്ടായി കാണുന്നില്ല. പ്രോജക്ട് നിർവഹണം നടത്തിയ സെക്രട്ടറി, മോണിട്ടറിഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി എന്നിവരുടെ ഭാഗത്തുനിന്നും യഥാസമയം നടപടികൾ കൈകൊള്ളുന്നതിലുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. അപാകതകൾക്ക് ലഭ്യമാക്കിയ മറുപടിയിൽ വകയിരുത്തിയ തുകയേക്കാൾ കൂടിയ തുക വന്നത് കൊണ്ടാണ് അത്തരമൊരു കത്ത് നൽകിയതെന്ന മറുപടി തൃപ്തികരമല്ല. യഥാസമയം നടപടികൾ കൈകൊള്ളുന്നതിലെ വീഴ്ചമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 തെരുവ് വിളക്ക് സ്ഥാപിക്കൽ-ലഭ്യമായ തെരുവ് വിളക്കുകൾ പൂർണമായും സ്ഥാപിക്കാത്തതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ- 146/20.21 (സ്പിൽ ഓവർ)

വകയിരുത്തിയതുക- 1000000

ചെലവുതുക- 996000 (ബിൽ നമ്പർ 4/11.4.20-400000

5/11-4.20-297600

6/11.4.20-298400)

നിർവഹണം - സെക്രട്ടറി

തലക്കുളത്തൂർ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ കേടായി കിടക്കുന്ന പോസ്റ്റുകളിലും, ഇല്ലാത്ത പോസ്റ്റുകളിലും L.E.D ലൈറ്റുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ളതാണ് പ്രോജക്ട്. മേൽ പ്രോജക്ട പ്രകാരം കെൽട്രോൺ മുഖേന 18W നോർമൽ ലൈറ്റ് 258 എണ്ണവും, ആട്ടോമാറ്റിക് ലൈറ്റ് 200

എണ്ണവും ഉൾപ്പെടെ ആകെ 458 വിളക്കുകൾ സപ്ലൈ ചെയ്ത് കെൽട്രോൺ ലഭ്യമാക്കിയ പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മേൽ ബില്ലുകൾ പ്രകാരം കെൽട്രോണിന് തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുമ്പ് കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി വാങ്ങാതെയും കെ.എസ്.ഇ.ബി യുടെ മേൽ നോട്ടമില്ലാതെയുമാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിരിക്കുന്നത്. കെ.എസ്.ഇ.ബി യിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.
2. മൊത്തം 458 തെരുവ് വിളക്കുകൾ വാങ്ങിയതിൽ 17 വാർഡുകളിൽ 371 ലൈറ്റുകൾ സ്ഥാപിച്ചതായാണ് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. അവശേഷിക്കുന്ന 87 തെരുവ് വിളക്കുകൾ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.
3. പ്രോജക്ടിന്റെ പൂർത്തീകരണം ഗുണനിലവാരം എന്നിവ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കെൽട്രോൺ നൽകിയ പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകിയതല്ലാതെ ആയതിന്റെ ആധികാരികത ആരും പരിശോധിച്ച കാണുന്നില്ല. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിളക്കുകൾ പൂർണ്ണമായും സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും, പ്രോജക്ട് നിർവഹണം നടത്തുമ്പോൾ നിയമാനുസൃതം പൂർത്തീകരിക്കേണ്ട നടപടികൾ പൂർത്തീകരിക്കുന്നതിലും നിർവഹണ ഉദ്യോഗസ്ഥനുണ്ടായ വീഴ്ചയും, പ്രോജക്ട് മോണിട്ടർ ചെയ്യേണ്ട പൊതുമരാമത്ത് ഊർജം വർക്കിംഗ് കമ്മറ്റി തങ്ങളുടെ ചുമതല നിർവഹിക്കുന്നതിൽ വന്ന വീഴ്ചയുമാണ് അപാകതക്ക് കാരണമായത്. കെ.എസ്.ഇ.ബി യിൽ നിന്നും അനുമതി ലഭ്യമാക്കാത്തതിന്റെ കാരണം, മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിച്ച എന്നതിനാധാരമായ രേഖകൾ എന്നിവ ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 996000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 ബഡ്സ് സ്കൂൾ ആരംഭിക്കാൻ നടപടികളില്ല

ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. സ. ഉ.എം.എസ്.നമ്പർ 22/18 ത.സ്വ.ഭ.വ തിയ്യതി 14.2.18 ഖണ്ഡിക 7.1.8 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.7.19ലെ ജി.ഒ(എം.എസ്)നമ്പർ 148/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണെന്നും ഇത്തരത്തിൽ സ്ഥാപിക്കുന്ന സ്കൂളുകളിലെ ടീച്ചർമാർക്ക് നിശ്ചിത നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ബഡ്സ് സ്കൂൾ ആരംഭിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുകാണുന്നില്ല. പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടു പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 105 പേർ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 32 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ലാത്തതിനാൽ ഇവരിൽ പലർക്കും സമീപ പ്രദേശങ്ങളിലെ ബഡ്സ് സ്കൂളുകളെ ആശ്രയിക്കുകയോ അല്ലാത്തപക്ഷം അത്തരമൊരു സംവിധാനത്തെ ആശ്രയിക്കാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയാണ് നിലവിൽ ഉള്ളത്. 29.2.2020 ൽകൂടിയ സാമൂഹികക്ഷേമം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ആദ്യനിർദ്ദേശം തന്നെ നിർബന്ധമായും ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുക എന്നതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിൽ തുടർ നടപടികളൊന്നും പഞ്ചായത്ത് കൈകൊണ്ടു കാണുന്നില്ല. ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് നിലവിൽ കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രഥമ നിർദ്ദേശം തന്നെ പ്രോജക്ടായി രൂപപ്പെടാതിരുന്നത് പദ്ധതി ആസൂത്രണത്തിൽ ഉണ്ടായ വീഴ്ചയാണ്. ബഡ്സ് സ്കൂൾ ആരംഭിക്കാൻ നിലവിൽ കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കേണ്ടതാണ്.

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- കെൽട്രോണിൽ അധികം അടവാക്കിയ തുക തിരികെഈടാക്കാത്തതും മറ്റ് അപാകതകളും

പ്രൊജക്റ്റ് നമ്പർ- 27/21

വകയിരുത്തിയ നമ്പർ- 450000

ചെലവുതുക- 408435 (ബിൽ നമ്പർ 1082/24.2.21)

അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്റ്റ് പ്രകാരം 15 പേർക്ക് കെൽട്രോൺ മുഖേന ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ക്കൊടുക്കുന്നു.

1. സ.ഉ.നമ്പർ 22/18 .ത.സ്വ.ഭ.വ തിയ്യതി 14.2.18 ഖണ്ഡിക 7.2.8 പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമെ ഈ ആനുകൂല്യം നൽകാൻ പാടുള്ളു. പട്ടികജാതി വികസന വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഈ ആനുകൂല്യം നൽകാവൂ എന്നാൽ അത്തരമൊരു സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്.
2. കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്ത് കെൽട്രോൺ ഹാജരാക്കിയ കാഷ് ബിൽ പരിശോധിച്ചതിൽ ലാപ്ടോപ്പുകളുടെയും അനുബന്ധ സാധനങ്ങളുടെയും വിലയായി രണ്ട് ബില്ലുകളിലായി 401478 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെൽട്രോണിന് 408485 രൂപ അടവാക്കിയിട്ടുണ്ട്. കെൽട്രോണിൽ അധികം അടവാക്കിയ 7007 രൂപ തിരികെ ഈടാക്കാൻ നടപടികൾ കൈക്കൊണ്ടു കാണുന്നില്ല.
3. 2020-21 സാമ്പത്തിക വർഷം ലാപ്ടോപ്പിനായി തുക അടവാക്കിയതിൽ ആയത് ലഭ്യമായത് 19-8.21 നാണ്. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ലാപ്ടോപ്പ് കൈപറ്റിയ 6 ഗുണഭോക്താക്കളുടെ കോഴ്സ് കാലാവധി 2020-21 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ഇവർക്ക് 2021 ആഗസ്റ്റിൽ ലാപ്ടോപ്പ് ലഭ്യമായതുകൊണ്ട് പ്രോജക്റ്റിന്റെ ഉദ്ദേശ ലക്ഷ്യത്തിന് ഉപകരിക്കില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. പ്രോജക്റ്റ് നിർവഹണത്തിൽ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലും, കെൽട്രോണിൽ അടവാക്കിയ തുകക്ക് പൂർണമായും ഉപകരണങ്ങൾ ലഭ്യമാക്കി എന്ന് ഉറപ്പുവരുത്തുന്നതിലും നിർവഹണ ഉദ്യോഗസ്ഥനുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. ആവശ്യമായ രേഖകൾ ലഭ്യമാക്കിയും അധികം അടവാക്കിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കിയും അപാകത പരിഹരിക്കാവുന്നതാണ്. കെൽട്രോണിൽ നിന്നും തിരികെ ലഭിക്കുവാനുള്ള 7007 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-20 തെരുവ് വിളക്ക് സ്ഥാപിക്കൽ -കെൽട്രോൺ മുഖേന സ്ഥാപിച്ച തെരുവ് വിളക്കുകൾ പ്രവർത്തനരഹിതം**

പ്രൊജക്റ്റ് നമ്പർ- 7/21

വകയിരുത്തിയ തുക- 140000

ചെലവുതുക- 138600 (ബിൽ നമ്പർ 343/26.3.21)

തലക്കുളത്തൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ളതാണ് പ്രോജക്റ്റ്. മേൽ പ്രോജക്റ്റ് പ്രകാരം 66 L.E.D. നോർമൽ സ്ട്രീറ്റ് ലൈറ്റുകൾ കെൽട്രോൺ മുഖേന വാങ്ങി മേൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ തെരുവ് വിളക്കുകൾ പഞ്ചായത്തിൽ എവിടെയെല്ലാം സ്ഥാപിച്ചു എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് മെമ്പർമാർ ആരുംതന്നെ വിളക്കുകൾ സ്ഥാപിച്ചതായി സാക്ഷ്യപത്രം നൽകുകയോ, പ്രോജക്റ്റ് മോണിട്ടർ ചെയ്തതിന്റെ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി K.S.E.B. യോട് അപേക്ഷിച്ചെങ്കിലും ആയത് ലഭ്യമായതായും കാണുന്നില്ല. K.S.E.B യുടെ അനുമതി ലഭ്യമാക്കാതെയാണ് പ്രോജക്റ്റ് നടപ്പിലാക്കിയിരിക്കുന്നത്. ഇങ്ങനെ സ്ഥാപിച്ച തെരുവ് വിളക്കുകൾ മിക്കതും പ്രവർത്തിക്കുന്നില്ലെന്നും ആയത് അടിയന്തിരമായി മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി 13.8.21 ൽ കെൽട്രോൺ അസി.മാനേജർക്ക് കത്ത് നൽകിയെങ്കിലും ആയത് നാളിതുവരെ മാറ്റി പ്രവർത്തനക്ഷമമാക്കിയതായി കാണുന്നില്ല, കൂടാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കെൽട്രോണുമായി

കരാറുടമ്പടിയിലേർപ്പെട്ടതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോൺ മുഖേന തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥാപിച്ച ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ വന്ന വീഴ്ചയും, പ്രോജക്ട് നിർവഹണ സമയത്ത് ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടായ അനാസ്ഥയുമാണ് അപാകതകൾക്ക് കാരണമായത്. ആവശ്യമായ രേഖകൾ ലഭ്യമാക്കിയും, സ്ഥാപിച്ച മുഴുവൻ വിളക്കുകളും കെൽട്രോണിനെ കൊണ്ട് പ്രവർത്തനക്ഷമമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയും അപാകതകൾ പരിഹരിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവുതുക 138600 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-21 മരുന്നുകൾ ലഭ്യമായില്ല**

പ്രോജക്ട്നം : 59/20-21.

അടങ്കൽ : 200000/-മെ.ഫണ്ട്.(നോൺറോഡ്)

ചെലവ് : 200000/-

ബിൽനം : 176/20-21/27-1-21/200000

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണ ഉദ്യോഗസ്ഥനായി ഹോംകോയിലേയ്ക്ക് 200000/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത മരുന്നുകൾ ഓഡിറ്റ് തിയ്യതിവരെ ലഭ്യമായിട്ടില്ല. മെഡിക്കൽ ഓഫീസർ 31-3-21, 19-9-21 എന്നീ തിയ്യതികളിൽ റിമൈൻഡർ അയച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത വിവരം അറിയിക്കേണ്ടതാണ്.

**1-22 സ്യൂട്ട് രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.**

പഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ച സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
സ്യൂട്ട് രജിസ്റ്ററിലെ പല പേജുകളും അപൂർണ്ണമാണ്. പരാതിക്കാരന്റെ പേരും കേസ് നമ്പറും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കേസ് എന്തിനു വേണ്ടിയാണ് നൽകിയിരിക്കുന്നത്, ഏത് കോടതിയിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്, കേസ് നിലവിലുണ്ടോ, തീർപ്പായോ, കേസിന്റെ വിചാരണ തിയ്യതികൾ വിധിയുടെ വിശദാംശങ്ങൾ, വക്കീലിന് നൽകിയ ഫീസ് വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. Crl.M.C No 3934/20 കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് അഭിഭാഷകന് ഫീസിനത്തിൽ 15000 (വൗച്ചർ നമ്പർ52000794 തി.06/2/21) രൂപ നൽകിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ കേസിനെക്കുറിച്ചുള്ള വിവരങ്ങളോ പോസ്റ്റിംഗ് തിയ്യതികളോ രേഖപ്പെടുത്തിയിട്ടില്ല. (പേജ് 37) ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് Wp(C) 19880/19 നമ്പർ കേസിൽ അഭിഭാഷകന് നൽകിയ ഫീസിനെ കുറിച്ചോ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങളോ, പോസ്റ്റിംഗ് തിയ്യതികളോ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല (പേജ് 38). W.P(C) No.16711/20 നമ്പറായുള്ള കേസ് ഹൈക്കോടതിയിലാണെന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്തായിരുന്നു കീഴ് കോടതി വിധിയെന്നോ, അപ്പീൽ ആരാണ് നൽകിയതെന്നോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല (പേജ് 39). കേസിന്റെ പോസ്റ്റിംഗ് വിവരങ്ങളറിയിക്കാതെയും നടത്തിപ്പുമായി ബന്ധപ്പെട്ട് സെക്രട്ടറിയുമായി കൂടിയാലോചിക്കാതെയും അഭിഭാഷകർ ഫയൽ കൈകാര്യം ചെയ്യുന്നത് ശരിയായ കീഴ്‌വഴക്കമല്ല. സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നത് ഒരു കേസിൽ പ്രസ്തുത പഞ്ചായത്ത് പരാതിക്കാരനാണോ എതിർകക്ഷിയാണോ എന്നറിയാനും, കേസ് ഏത് കോടതിയിലാണെന്നും എന്താവശ്യത്തിനാണ് കേസ് ഫയലാക്കിയതെന്നറിയാനും, വിധി എന്താണെന്ന് പെട്ടെന്ന് മനസ്സിലാക്കാനും വേണ്ടിയാണ് . സ്യൂട്ട് രജിസ്റ്റർ മേൽ സൂചിപ്പിച്ച പ്രകാരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ രജിസ്റ്റർ പൂർണ്ണമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-23 ലഭ്യത പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നു.**

സ്ഥാപനത്തിന്റെ സാമ്പത്തിക വർഷത്തെ ചെലവു പത്രിക പരിശോധിച്ചതിൽ വിവിധ

പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽനിന്നും 9223960 രൂപ വകയിരുത്തുകയും 4652420 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ 11/2018/ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 5.1(3) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും ബന്ധപ്പെട്ട ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും നിഷ്കർഷിച്ച അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ വകയിരുത്തണം. എന്നാൽ പഞ്ചായത്തിൽ തനത് ഫണ്ട് വകയിരുത്തിയപ്പോൾ നിറവേറ്റേണ്ടതായ ബാധ്യതകൾ പരിഗണിച്ച് കാണുന്നില്ല. 19-20 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് (20-21 മുന്നിരിപ്പ്) ബാങ്ക്, ട്രഷറി അക്കൌണ്ടുകളിലായി അവശേഷിക്കുന്നത് 10279778 രൂപയാണ്. ആയതിൽ മറ്റ് പ്രത്യേക ആവശ്യങ്ങൾക്ക് മുൻവർഷങ്ങളിൽ ലഭ്യമായതും ചെലവഴിക്കാതെ തനത് ഫണ്ട് അക്കൌണ്ടിൽ അവശേഷിക്കുന്നതുമായ തുക 7457569 രൂപയുമുണ്ട്. (2019-20 ബാലൻഷീറ്റ് B4) ആയത് കുറവ് ചെയ്താൽ തനത് ഫണ്ട് നീക്കിയിരിപ്പ് 3272139 രൂപയാണ്. ഇതിൽ നിന്നും തൻവർഷം നൽകാനുള്ളതും ബാധ്യതയായി അവശേഷിക്കുന്നതുമായ തുക B.9, B.7 എന്നിവ പ്രകാരം 2922567 രൂപയുണ്ട്. ഇതുകൂടി കുറവു ചെയ്താൽ നാമമാത്ര തുക മാത്രമെ 2019-20 സാമ്പത്തിക വർഷം നീക്കിയിരിപ്പ് അതായത് 20-21ൽ മുന്നിരിപ്പായുള്ളൂ. ഈ ഒരു സാമ്പത്തിക സ്ഥിതിയിലാണ് തൻവർഷത്തെ തനത് ഫണ്ട് വരവു മാത്രം പ്രതീക്ഷിച്ച് 9223960 രൂപ തനത് ഫണ്ടിൽ നിന്നും പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നത്. തൻവർഷത്തെ യഥാർത്ഥ തനത് ഫണ്ട് വരവും, ചെലവും പരിശോധിച്ചതിൽ ടാക്സ്, ഫീസ് ഉൾപ്പെടെ തനത് വരുമാനം 6032503 രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് വരവ് 13103499 രൂപയും ഉൾപ്പെടെ ആകെ 13136002 രൂപ വരവുണ്ട്. ആയതിൽ ശമ്പള ചെലവുകൾ, ഓപ്പറേഷൻ & മെയിന്റനൻസ്, ഭരണ ചെലവുകൾ എന്നിവക്കു തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ (I.12(B), 1.10(B)1.11(B)) 19806859 രൂപ വരുന്നുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന്റെ തനത് വരവ് ജനറൽ പർപ്പസ് ഗ്രാന്റുൾപ്പെടെ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് മാത്രം പര്യാപ്തമാണെന്ന് കാണാം. അപര്യാപ്തമായ തനത് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനാൽ തനത് ഫണ്ട് അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിനും, അല്ലെങ്കിൽ തനത് ഫണ്ട് വിഹിതം ചെലവഴിക്കപ്പെടാതിരിക്കുന്നതിനും കാരണമാവും . ഉദാഹരണത്തിന് സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 137/21 തെരുവുവിളക്കു സ്ഥാപിക്കൽ പ്രോജക്ട് പ്രകാരം 10 ലക്ഷം രൂപ വകയിരുത്തിയതിൽ 400000 രൂപ തനത് ഫണ്ടിൽ നിന്നുമായിരുന്നു. പഞ്ചായത്തിൽ തനത് ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രോജക്ടിൽ പറഞ്ഞത്രയും തെരുവ് വിളക്കുകൾ വാങ്ങാതെ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുമാത്രം തുക ചെലവഴിച്ച് പ്രോജക്ട് പൂർത്തീകരിക്കേണ്ട അവസ്ഥ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ലഭ്യത പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുടർവർഷങ്ങളിൽ തനത് ഫണ്ട് ലഭ്യത പരിഗണിച്ച് മാത്രം പ്രോജക്ടുകൾക്ക് തുക വകയിരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തനത് ഫണ്ട് ലഭ്യത വിലയിരുത്തി പ്രോജക്ട് രൂപീകരണ സമയത്ത് ഭരണസമിതിയെ അറിയിക്കുന്നതിൽ സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർക്ക് ഉണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. തുടർ വർഷങ്ങളിൽ തനത് ഫണ്ട് ലഭ്യത പരിഗണിച്ചുമാത്രം പ്രോജക്ടുകൾക്ക് തനത് ഫണ്ടിനത്തിൽ തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**1-24 സ്ഥിര നിക്ഷേപം -പലിശയിനത്തിൽ നഷ്ടം**

ഗ്രാമപഞ്ചായത്തിലെ സ്ഥിരനിക്ഷേപ രജിസ്റ്റർ, സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ചതിൽ കെ.ഡി.സി. ബേങ്കിന്റെ വെസ്റ്റ്ഹിൽ ശാഖയിലുള്ള FD No.10031807520240/15.4.18 എന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം ലഭിക്കേണ്ട പലിശയിനത്തിൽ 11837/-കുറവ് സംഭവിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | തിയ്യതി | നിക്ഷേപ തുക | പലിശ നിരക്ക് | കാലാവധി | ലഭിക്കേണ്ട പലിശ | ലഭിച്ച പലിശ | നഷ്ടതുക |
|---|---|---|---|---|---|---|---|
| 1 | 15.04.19 | 750401 | 8% | 1 Year | 60032 | 54028 | 6004 |
| 2 | 15.4.20 | 804429 | 7.25% | 1 Year | 58321 | 52488 | 5833 |
| | | | | | | Total | 11837- |

പലിശയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെട്ടതിനു പുറമെ യഥാസമയം ലഭിക്കാത്തതിനാൽ പ്രസ്തുത തുകക്ക് തുടർവർഷങ്ങളിൽ ലഭിക്കേണ്ട പലിശയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/29.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരവുകൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥരും സെക്രട്ടറിയും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. പണം നിക്ഷേപിക്കുമ്പോൾ ബേങ്ക് ഓഫർ നൽകിയ പലിശ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാതെ അതേ ബേങ്കിൽ തന്നെ തുടർന്നും നിക്ഷേപിച്ചുവരുകയാണ്.

പലിശയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 11837/-രൂപയും പ്രസ്തുത തുകക്ക് തുടർന്ന് ലഭിക്കേണ്ട പലിശയും എത്രയും വേഗം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകാതെ ഫണ്ട് ലാപ്സാക്കി

നെൽകൃഷി കർഷകർക്ക് കൂലി ചെലവിനത്തിൽ നൽകേണ്ട സബ്സിഡി തുക സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരവും പ്രോജക്ട് വിഭാവനം ചെയ്ത രീതിയിലും നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

<u>പ്രോജക്ടിന്റെ പേരും നമ്പറും-നെൽകൃഷിക്ക് വിത്തും കൂലിചെലവു നൽകലും 31/21</u>

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ വിശദാംശം |
|---|---|---|---|
| വി.ഫ-പൊതു. | 120,000 | 32760/- (വിത്ത് വാങ്ങൽ)<br>56000/- (കൂലിചെലവ്) | 12/21-19.1.21<br>19/21-21.3.21 |
| ബ്ലോക്ക് വിഹിതം | 100000 | 75000/- (കൂലിചെലവ്) | 24/21-27.3.21 |
| ജില്ലാ വിഹിതം | 120000 | 90000/- (കൂലിചെലവ്) | 25/21-27.3.21 |
| | 340,000 | | |
| ആകെ | | 253,760/- | |

14.02.18 ലെ സർക്കാർ ഉത്തരവ് (കൈ)നം.22/2018/ തസ്വഭവ പ്രകാരം നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡിയിനത്തിൽ ഒരു ഹെക്ടറിന് 17000/-രൂപ വരെ നൽകാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം 15 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തതിന് 38 കർഷകർക്കായി 221000/- രൂപയാണ് നൽകിയത്. അതായത് ഒരു ഹെക്ടറിന് 14733/-രൂപ. ആവശ്യമായ ഫണ്ടുണ്ടായിട്ടും കർഷകർക്ക് അർഹതപ്പെട്ട തുക നൽകിയതായി കാണുന്നില്ല. മാത്രമല്ല പ്രസ്തുത പ്രോജക്ടിൽ വകയിരുത്തിയ 86240/-രൂപ ചെലവഴിക്കാതെ ലാപ്സാവുകയും ചെയ്തു. കർഷകർക്കർഹതപ്പെട്ട സബ്സിഡി നൽകാത്തതിനും വകയിരുത്തിയ തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/29.10.21) ലഭ്യമാക്കിയ മറുപടിയിൽ 20 ഹെക്ടർ നെൽകൃഷിക്ക് സബ്സിഡി നൽകാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും വയലുകളിൽ വെള്ളകെട്ടായതിനാൽ 15 ഹെക്ടറിലേ കൃഷിനടത്താനായിട്ടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 20 ഹെക്ടറിൽ കൃഷി നടക്കുകയായിരുന്നെങ്കിൽ വിത്തും കൂലിചെലവും ഉൾപ്പെടെ 17000/- രൂപയേ നൽകുവാനാവുമായിരുന്നുള്ളൂ. ഭാവിയിൽ പദ്ധതി തയ്യാറാക്കുമ്പോൾ കർഷകർക്ക് കൂലി ചെലവിനത്തിൽ അർഹതപ്പെട്ട ആനുകൂല്യം ഉറപ്പുവരുത്തുമെന്നും അറിയിച്ചിട്ടുണ്ട്. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ദുരിദാശ്വാസ നിധി രൂപീകരണം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിദാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിദമനുഭവിക്കുന്നവരും, ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിദാശ്വസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 3(4) പ്രകാരം നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ പഞ്ചായത്തിൽ ദുരിദാശ്വാസ നിധി രൂപീകരിച്ചതിന്റെ രേഖകളോ, ആയതിൽ നിന്നുള്ള വരവ് ചെലവ് വിവരങ്ങളോ പരിശോധനക്ക് ലഭ്യമായിട്ടില്ല. ദേശസാൽകൃത ബാങ്കിൽ അക്കൌണ്ട് ആരംഭിക്കേണ്ടതിന് പകരം തലക്കുളത്തൂർ സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിൽ ഈ ആവശ്യത്തിനായി 23.10.2007 ൽ ഒരു അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. ആയതിൽ നിന്നും 2-8.2010 ൽ ഏതാനും ചെലവുകൾ നിർവഹിച്ചതായി കാണുന്നു. പിന്നീട് കോവിഡ് കാലത്താണ് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ചെലവുകളുടെ വിശദ വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അക്കൌണ്ടിൽ 31.3.21ൽ 144362 രൂപ നീക്കിയിരിപ്പുണ്ട്. ദുരിദാശ്വാസ നിധി ഫണ്ടിൽ നിന്നും അർഹർക്ക് ആനുകൂല്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം, വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-27 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് 2020-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണയാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. 28-01-2021, 11-02-2021 എന്നീ തിയ്യതികളിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേരുകയുണ്ടായത്. ആ മീറ്റിങ്ങുകളിലൊന്നും തന്നെ 2020-21 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി-4/2020-21 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഇനിയുള്ള പ്രവൃത്തികളിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. 2020-21 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്. തുടർന്നുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-28 5 വർഷ ഗ്യാരന്റിയോടുകൂടി റോഡ് പ്രവർത്തി ഏറ്റെടുത്തില്ല**

പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വ്വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 7.13(12) അനുസരിച്ച് ഗുണമേൻമയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് പറയുന്നു. ഇപ്രകാരം 2020-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിൽ ഏതെങ്കിലും റോഡ് 5 വർഷ ഗ്യാരന്റിയോടുകൂടി നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആ റോഡിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി-3/2020-21 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയതിൽ അത്തരം വർക്കുകൾ ഏറ്റെടുത്തിട്ടില്ലെന്നും 5 വർഷ ഗ്യാരന്റിയോടുകൂടി റോഡ് പ്രവർത്തി ഏറ്റെടുക്കാമെന്നും അറിയിക്കുകയുണ്ടായി. 2021-22 വരേയുള്ള വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശമാണ് ഇത്. അതുകൊണ്ടുതന്നെ ഇനി പ്രവൃത്തി ഏറ്റെടുക്കാമെന്നത് പ്രായോഗികമല്ല. സർക്കാർ നിർദ്ദേശ പ്രകാരം ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പിലാക്കാൻ ശ്രമിച്ചിരുന്നെങ്കിൽ 4 വർഷം കൊണ്ട് പഞ്ചായത്തിൽ 5 വർഷ ഗ്യാരന്റിയോടുകൂടിയ 4 റോഡുകൾ ഉണ്ടാവുമായിരുന്നു. ഗുണമേൻമയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

**1-30 എയ്ഡഡ് സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം : സർക്കാർ സ്കൂളുകളിൽ മുഴുവൻ സൗകര്യങ്ങളും ലഭ്യമായെന്ന് ഉറപ്പുവരുത്തിയില്ല**

പ്രൊജക്ട് നം. - 110/21

പ്രൊജക്ട് - എം.ഐ.എൽ.പി സ്കൂൾ ടോയ് ലെറ്റ് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ബിൽ നം. - 43/04.02.2021,

തുക - 249,816/-

മേൽ പ്രോജക്ട് പ്രകാരം എം.ഐ.എൽ.പി സ്കൂൾ ടോയ്ലെറ്റ് നിർമ്മാണത്തിനായി പഞ്ചായത്ത് 249,816/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്)11/2018/ത.സ്വ.വ്വഭ.വ തി.29-01-2018 പദ്ധതി മാർഗ്ഗരേഖ 7.6(2) അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് അവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായിരിക്കണം മുൻഗണന നൽകേണ്ടത്. 7.6(8) എല്ലാ സർക്കാർ സ്കൂളുകൾക്കും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും, ടോയ്ലെറ്റും, വാഷ്ബയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമേ എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താൻ പാടുള്ളൂ. മേൽ ഉത്തരവ് 6.7(8) അനുസരിച്ച് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ചു ചേർത്ത് വേണം ആസ്തി സംരക്ഷണ പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾക്ക് അംഗീകാരം നൽകേണ്ടത്. ഇവിടെ അപ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ എല്ലാ സർക്കാർ സ്കൂളുകൾക്കും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ്ബയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതായുള്ള രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി- 19/2020-21 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ എല്ലാ സർക്കാർ സ്കൂളുകൾക്കും ലഭ്യമായ സ്ഥലത്ത് തുക വകയിരുത്തിയിട്ടുണ്ടന്ന് പറയുന്നു. പഞ്ചായത്ത് പരിധിയിലെ എല്ലാ സർക്കാർ സ്കൂളുകൾക്കും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇനി ഇത്തരം സൗകര്യങ്ങൾ സ്കൂളുകൾക്ക് ആവശ്യമില്ലെന്നുമുള്ള സർക്കാർ പ്രൈമറി സ്കൂൾ മേധാവികളുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. മേൽ രേഖയുടെ അഭാവത്തിൽ ചെലവു തുക 249,816/- തടസ്സത്തിൽ വെക്കുന്നു. സർക്കാർ പ്രൈമറി സ്കൂൾ മേധാവികളുടെ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-31 അധികാര പരിധിയിൽപ്പെടാത്ത എയ്ഡഡ് ഹൈസ്കൂളിന്റെ ആസ്തി വികസന പദ്ധതി ഏറ്റെടുത്തു**

പ്രൊജക്ട് നം. - 114/21

പ്രൊജക്ട് - സി.എം.എം ഹൈസ്കൂൾ ടോയ് ലറ്റ് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

അടങ്കൽ - 400,000/-

ബിൽ നം. - 40/04.02.2021

തുക - 400,000/-

മേൽ പ്രൊജക്ട് 9.07.2020 ലെ സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്യുകയും 9.07.2020ലെ ഭരണസമിതി പ്രോജക്ടിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പദ്ധതി മാർഗ്ഗരേഖ 7.6(2) അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് അവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായിരിക്കണം മുൻഗണന നൽകേണ്ടത്. 7.6(8) എല്ലാ സർക്കാർ സ്കൂളുകൾക്കും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും, ടോയ്ലെറ്റും, വാഷ്ബയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമേ എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താൻ പാടുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക (സി) X പ്രകാരം സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് ആണ് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുന്നത്. അഞ്ചാം പട്ടിക (ബി) IX പ്രകാരം ഹൈസ്കൂളുകളുടേയും ഹയർസെക്കൻഡറി സ്കൂളുകളുടേയും ചുമതല ജില്ലാ പഞ്ചായത്തിനാണ്. തങ്ങളുടെ അധികാര പരിധിക്ക് പുറത്തുള്ള ഒരു സ്ഥാപനത്തിന്റെ ആസ്തി വികസനത്തിനായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി- 20/2020-21 ന് നൽകിയ മറുപടിയിൽ മുമ്പ് പ്രളയ സമയത്ത് ദുരിതാശ്വാസ കേന്ദ്രമായും കോവിഡ് FLTC ആയും പ്രവർത്തിച്ചിരുന്നുവെന്നും (തെളിവായി രേഖകളൊന്നും ഹാജരാക്കിയിട്ടില്ല) ഭരണ സമിതിയുടെ പ്രത്യേക നിർദ്ദേശ പ്രകാരമാണ് തുക വകയിരുത്തിയതെന്നും പറഞ്ഞിട്ടുണ്ട്. കോവിഡ് കാലത്തെ അടിയന്തിര പ്രാധാന്യമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് സ.ഉ.(കൈ) നം.59/2020/ ത.സ്വ.ഭ.വ തിയ്യതി.31/03/2020 പ്രകാരം കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയല്ല മുൻ FLTC ആയി പ്രവർത്തിച്ചിരുന്നുവെന്ന പറയുന്ന സി.എം.എം എയ്ഡഡ് ഹൈസ്കൂൾ ടോയ്ലറ്റ് നിർമ്മാണ പ്രോജക്ട് ഏറ്റെടുത്തത്. പ്രോജക്ട് സംബന്ധിച്ച നാൾ വഴികൾ താഴെ കാണിക്കുന്നു

| | നടപടി | തിയ്യതി |
|---|---|---|
| 1 | സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ | 09-07-2020 |
| 2 | ഭരണാനുമതി | 09-07-2020 |
| 3 | ടെണ്ടർ | 09-09-2020 |
| 4 | ടെണ്ടർ പഞ്ചായത്ത് അംഗീകരിച്ചത് | 15-09-2020 |
| 5 | സെലക്ഷൻ നോട്ടീസ് | 17-09-2020 |
| 6 | എഗ്രിമെന്റ് | 20-09-2020 |
| 7 | സൈറ്റ് കൈമാറൽ | 21-09-2020 |
| 8 | പ്രവർത്തി പൂർത്തീകരണം | 04-12-2020 |
| 9 | ബിൽ | 04-02-2021 |

തങ്ങളുടെ അധികാര പരിധിക്ക് പുറത്തുള്ള ഒരു സ്ഥാപനത്തിന്റെ ആസ്തി വികസനത്തിനായി തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതായിരുന്നെങ്കിലും പഞ്ചായത്ത് അപ്രകാരം ചെയ്തിട്ടില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | പ്രൊജക്ടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | പച്ചക്കറിക്ക് കൂലിചെലവ് | 150000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 95000<br>75000 | നെൽകൃഷിക്ക് കൂലി ചെലവ് | 95000<br>75000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 136800<br>100000 | ലൈഫ് ഭവന പദ്ധതി എസ്.സി.പി | 136800<br>100000 | - | ധന സഹായം നൽകി |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിട്ടു നവർക്ക് സ്കോളർഷിപ്പ് | 275000 | - | സ്കോളർ ഷിപ്പ് അനുവദിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | അനുപൂരക പോഷകാഹാര വിതരണം | 300000 | - | ചെലവഴിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | - | ചെലവഴിച്ചു |
| ജില്ലാ പഞ്ചായത്ത് | 2020-21 | 90000<br>90000 | നെൽകൃഷിക്ക് കൂലി ചെലവ് | 90000<br>90000 | - | ധന സഹായം നൽകി |
| ജില്ലാ പഞ്ചായത്ത് | 2020-21 | 180000 | പച്ചക്കറിക്ക് കൂലിചെലവ് | 180000 | - | ധന സഹായം നൽകി |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33000 | നെൽകൃഷിക്ക് കൂലി ചെലവ് | 33000 | - | ധന സഹായം നൽകി |
| | | 235400 | ശാരീരിക മാനസിക വെല്ലുവിളി നേരിട്ടു നവർക്ക് സ്കോളർഷിപ്പ് | 235400 | - | സ്കോളർ ഷിപ്പ് അനുവദിച്ചു |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | | ചെലവഴിച്ചു |
| ജില്ലാ പഞ്ചായത്ത് | 2020-21 | 225000 | ക്ഷീരഗ്രാമം | 225000 | | ചെലവഴിച്ചു |
| ജില്ലാ പഞ്ചായത്ത് | 2020-21 | 552245 | ലൈഫ് ഭവന പദ്ധതി | 552245 | | ധന സഹായം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നൽകി |
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | മുട്ടഗ്രാമം | 150000 | | ധന സഹായം നൽകി |

മുൻവർഷത്തെ ഉൾപ്പെടെ ചെലവഴിക്കാതെ ശേഷിക്കുന്ന തുകകളുണ്ടെങ്കിൽ ആയവ ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.

**4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടില്ല.

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-4 വായ്പ /വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | സാമ്പത്തിക വർഷം | തൻ വർഷം വായ്പ എടുത്ത തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് – ഹഡ്കോ വായ്പ | സ.ഉ.(എം.എസ്) 68/2018/ എൽ.എസ്.ജി.ഡി/ 18.5.2018 | 2020-21 | - | 9100909 | 1170981 | ഇല്ല | 792992 |

**4-5 സ്ഥിരനിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2420571 |
| തൻവർഷം നിക്ഷേപിച്ച തുക | 175115 |
| ആകെ | 2595686 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| | |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2595686 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കെ. ഡി. സി ബാങ്ക്<br>FD No:100311807520293 | 17,91,257 | |
| 2 | കെ. ഡി. സി ബാങ്ക്<br>FD No:100311807520240 | 8,04,429 | |
| ആകെ | | 2595686 | |

2019-20ലെ ഓഡിറ്റ് റിപ്പോർട്ടിൽ ക്രമനമ്പർ 2ലെ നിക്ഷേപം 750401/-രൂപക്കുപകരം 804429/-രൂപയായി കാണിച്ചതിനാൽ മുൻബാക്കിയിൽ 54028/-രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്. 2020-21 ലെ സ്ഥിരനിക്ഷേപ രജിസ്റ്ററിലും വാർഷിക കണക്കിലും സ്ഥിര നിക്ഷേപം തെറ്റായി കാണിച്ചു. വാർഷിക കണക്കിൽ 15.4.22,31.03.22 തിയ്യതികളിൽ നീക്കിയിരുപ്പായി വരുന്ന 2813685/-രൂപയാണ് സ്ഥിര നിക്ഷേപമായി കാണിച്ചത്. യഥാർത്ഥ കണക്കും വാർഷിക കണക്കും തമ്മിൽ 217999/-രൂപയുടെ വ്യത്യാസമുണ്ട്. രജിസ്റ്ററും കണക്കുകളും പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-2001 | 9 | 2003-04 പൊതു പരാമർശം | 11-13-1(25) | പലഹാര നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 2001-02 | 6 | 2003-04 പൊതു പരാമർശം | 11-13-1(26) | അലങ്കാരപ്പുച്ചട്ടി നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 1999-2000 | 29 | 2003-04 പൊതു പരാമർശം | 11-13-6-2 | കാർഷിക യന്ത്രവൽകരണം |
| 1999-2000 | | 2003-04 മറ്റ് പരാമർശം | 11-14 | ഫുട്ബാൾ കോച്ചിംഗ് ക്യാമ്പ് |
| 1998-99 ഡി.സി.ബി | | 2004-05 പൊതു പരാമർശം | 11-1-3-9 | നികുതി പിരിവിൽ അലംഭാവം |
| | | 2011-12 | 3-2-7 | ആസ്തി രജിസ്റ്റർ പരിപാലനം |
| | | 2011-12 | 3-2-9 | കണക്റ്റിവിറ്റി പ്ലാൻ |
| | | 2011-12 | 3-2-12-11 | മരാമത്ത് പണികളുടെ നടത്തിപ്പ് |
| | | 2011-12 | 3-2-20-10 | എൻജിനീയറിംഗ് വിഭാഗത്തിൽ |

| | | | | |
|---|---|---|---|---|
| | | | | ജീവനക്കാർ അപര്യാപ്തം |
| | | 2011-12 | 3-2-13 | ഗുണഭോക്തൃ കമ്മറ്റി – മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| | | 2013-14 അവലോകനം | 6-1-2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല |
| | | 2013-14 അവലോകനം | 6-1-3 | പെർഫോമൻസ് ഗ്രാന്റ് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു |
| 2015-16 | 3-5 | 2016-17 | 5-2-2 | മരാമത്ത് പ്രവൃത്തി – മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു |
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-6 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ |
| 2016-17 | 2-2 | 2017-18 | 1-11-14 | വസ്തു നികുതി പരിഷ്കരണം - അപാകതകൾ |

**4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്/സർചാർജ് നടപടികളുടെ വിവരം**

ഇല്ല.

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,79,07,755 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,55,03,007 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,13,394 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 174971 | ശ്രീ.പുരുഷു.പി,<br>ഹെഡ്മാസ്റ്റർ |
| 1-14 | 147000 | ശ്രീ.സുനിൽകുമാർ.പി.ജി,<br>സെക്രട്ടറി |
| 1-17 | 996000 | ശ്രീ.സുനിൽകുമാർ.പി.ജി,<br>സെക്രട്ടറി |
| 1-19 | 7007 | ശ്രീമതി അഞ്ജലി.എസ്,<br>അസി.സെക്രട്ടറി |
| 1-20 | 138600 | ശ്രീ.സുനിൽകുമാർ.പി.ജി,<br>സെക്രട്ടറി |
| 1-21 | 200000 | ഡോ.രഞ്ജിത്ത് ചന്ദ്ര.യു<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-30 | 249816 | ശ്രീമതി.എ.ഇ.ഷബീല,<br>അസി.എഞ്ചിനീയർ |
| ആകെ | 19,13,394 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പുരുഷു.പി<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ,<br>ജി. എൽ. പി.<br>എസ്. അന്നശ്ശേരി | പരപ്പിൽ,<br>പാവണ്ടൂർ,<br>കോഴിക്കോട് |
| ശ്രീ.സുനിൽകുമാർ.പി.ജി,<br>സെക്രട്ടറി | സെക്രട്ടറി,<br>തലക്കുളത്തൂർ | കൊയ്യാനത്ത്<br>വീട്, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | മായനാട്, മെഡിക്കൽ കോളേജ്, കോഴിക്കോട്. |
| ശ്രീമതി.അഞ്ജലി.എസ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | അമ്മിണി, 26/308A, ഗോവിന്ദപുരം, കോഴിക്കോട് |
| ശ്രീമതി.എ.ഇ.ഷബീല, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | പിഷാരത്ത്, കഞ്ഞോത്ത് പറമ്പ്, ചുള്ളിയോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1993-94 | എൽ.എഫ്.എസ്.2/1271/94 തി. 31.3.95 | 29 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(7) തി. 11.11.11 | 29, 32, 33 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(8) തി. 11.11.11 | 1എ,2-1, 2-2, 2-3, 3-1, 4-1, 4-4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(9) തി. 11.11.11 | 7,9,11,14 |
| 2001-02 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(10) തി. 11.11.11 | 6 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(11) തി. 11.11.11 | 1-1, 3-1, |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(13) തി. 11.11.11 | 3-4, 3-6, 3-9, 3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി2/1634/08 തി. 13.01.09 | 3-1, 3-4, 3-6-1, 3-6-2, 3-10, 3-11, 3-12, 3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി2/1241/09 തി. 15.10.09 | 3-6, 3-13, 3-15, 3-16, 3-18 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി2/1322/10 തി. 20.12.10 | 3-3, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 4-3 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി2/1322/10 തി. 20.12.10 | 2-1, 2-3, 2-5-(2),(3),(4),(5), 2-6, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-23, 3-24, 3-25, 3-26, 3-27, 3-28,3-29 3-30-3, 3-31-(1)(3)(4), 4-3, |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി2/1653/11 തി. 12.01.12 | 2-1-4, 2-1-5, 2-1-6, 2-1-7, 2-1-8, 2-2-1, 2-5, 2-6, 2-7,1, 2-7-2, 2-7-3, 2-12, 3-5, 3-6, 3-8, 3-9, 3-10-1, 3-10-2, 3-10-3, 3-11, 3-12, 3-13, 3-15-1, 3-15-2, 3-15-3, 3-16, 3-18 3-20, 3-22, 3-23, 3-24, 3-25, 3-26, |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി2/1536/12 തി. 10.6.13 | 2-1-4, 2-2, 2-4-1, 2-4-2, 2-4-3, 3-1-1, 3-1-2, 3-2, 3-3, 3-5, |

| | | |
|---|---|---|
| | | 3-6, 3-7, 3-8, 3-10, 3-11, 3-12, |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി2/246/13 തി. 20.7.13 | 2-2-1, 2-2-2, 2-2-3, 2-3-2, 2-4-1-2, 2-5,<br>2-6-1, 2-6-3, 2-6-4, 3-1, 3-3, 3-6, 3-7, 3-8, 3-9, 3-11,3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/പി 12/2044/14 തി. 4.3.15 | 1-2, 1-3, 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 4-1-1, 4-1-2, |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി പി12/1656/15 തി. 27-10-15 | 2-1, 2-2, 2-3-1, 2-3-2, 2-3-3, 2-3-4, 3-1, 3-2, 3-3, 3-5, 3-9, 3-10, 3-11, 3-12, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.12 2301/16 തി. 12-10-17 | 2-1, 2-2, 2-3, 2-4, 2-5, 2-6,<br>2-7, 3-1,<br>3-2, 3-5, 3-6,<br>3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.12 58/18 തി. 21/3/18 | 2-1, 2-2, 2-3, 2-4, 2-5, 2-6,<br>3-1, 3-2, 3-3, 3-4, 3-5, 3-7, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.12 1369/19 തി. 2/9/19 | 1-12, 2-1, 2-2, 2-3, 3-1, 3-4, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.4/790/2020തീ.17.09.2020 | 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 4-8, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.4/799/2020 തീ.17.03.2021 | 1-8 മുതൽ 1-25 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്